**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1882** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതിയിൽ അനുമതി ലഭ്യമായ കുവളശ്ശേരി കൊങ്ങംകോട് സ്റ്റേഡിയത്തിന്റെ നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കാമോ? | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ട കുവളശ്ശേരി സ്റ്റേഡിയം വികസനത്തിനായി ബഹു. കാട്ടാക്കട നിയോജമണ്ഡലം എം.എൽ.എയുടെ ആസ്തിവികസനഫണ്ടിൽ നിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആനുപാതികമായ തുക കായികവകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചുകൊണ്ട് 16.03.2024ലെ എ3-3429/23 നമ്പർ നടപടിക്രമം പ്രകാരം കായികയുവജനകാര്യ ഡയറക്ടർ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയത് പ്രകാരം 30.04.2024-ൽ പദ്ധതിയ്ക്ക് സാങ്കേതികാനുമതി നല്കുകയും, 11.06.2024, 29.06.2024 എന്നീ തീയതികളിലായി 2 തവണ ടെൻഡർ ക്ഷണിച്ചുവെങ്കിലും, 27.07.2024-നാണ് ടെണ്ടർ ലഭ്യമായത്. തുടർന്ന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. സുനിൽ പി., തിരുവനന്തപുരം എന്ന കരാറുകാരന് 03.10.2024 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഉടൻ തന്നെ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ